**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1049** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജംഗ്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ റീ പ്ലാന്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന ജംഗ്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പഴയ കൊച്ചിൻ മലബാർ കമ്പനിയുടെ സ്ഥലത്ത് പഴയ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും പുതിയവ റീ പ്ലാന്റു ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ജംഗ്ടോളി ടീ ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയിൽ പഴയ മരങ്ങൾ മുറിച്ച് മാറ്റുന്നതിനും, പുതിയവ റീപ്ലാൻറ് ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനായി വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിയമവിരുദ്ധമായും സർക്കാർ അനുമതി ഇല്ലാതെയും കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പേര് ജംഗ്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന് മാറ്റിയത് മൂലവും, ലീസ് വ്യവസ്ഥ ലംഘിച്ചതിനാലും, ടി ഭൂമി വനംവകുപ്പിലേക്ക് തിരിച്ച് എടുക്കുന്നതിന്റെ നടപടികളുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾക്കെതിരെ ജംഗ്ടോളി ടീ ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് മാത്രമേ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | നൂറുകണക്കിന് തൊഴിലാളികൾക്കും കുടുംബങ്ങൾക്കും തൊഴിലും വരുമാനവും നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വ്യവസായത്തെ സംരക്ഷിക്കുന്നതിനും പഴയ മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റിംഗിന് അനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ജംഗ്ടോളി ടീ ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയിൽ പഴയ മരങ്ങൾ മുറിച്ച് മാറ്റുന്നതിനും, പുതിയവ റീപ്ലാൻറ് ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനായി വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിയമവിരുദ്ധമായും സർക്കാർ അനുമതി ഇല്ലാതെയും കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പേര് ജംഗ്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന് മാറ്റിയത് മൂലവും, ലീസ് വ്യവസ്ഥ ലംഘിച്ചതിനാലും, ടി ഭൂമി വനംവകുപ്പിലേക്ക് തിരിച്ച് എടുക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | നടപടികളുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾക്കെതിരെ ജൂംഗ്ടോളി ടീ ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് മാത്രമേ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ